ഇടയ്ക്കാട്ടുവയൽ, രാമമംഗലം എന്നീ പഞ്ചായത്തുകളിലെ ശുദ്ധജല ക്ഷാമം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നേരത്തെ ഒരു പ്രാവശ്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. വളരെയേറെ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ഈ പ്രദേശത്തിന് സാമ്പത്തിക പരിമിതി ഉണ്ടെങ്കിൽപോലും മാളയ്ക്ക് കൊടുക്കുന്ന പരിഗണന കൊടുത്ത് നവവൽസര സമ്മാനമായി ഈ പദ്ധതി അംഗീകരിച്ച് നടപ്പിലാക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇന്ന് പറഞ്ഞതെല്ലാം നവവൽസര സമ്മാനമായി ഞാൻ അംഗീകരിക്കണമെങ്കിൽ 200 കോടി രൂപയെങ്കിലും വേണം. എങ്കിലും ബെന്നി ബഹനാന്റെ നിയോജകമണ്ഡലത്തിലെ ഈ പ്രശ്നത്തിന് വളരെ അനുഭാവപൂർവ്വമായി പരിഹാരം ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്; നടപടികളും സ്വീകരിക്കുന്നതാണ്.

(38) ഇരിങ്ങാലക്കുടയിൽ റവന്യൂ ഡിവിഷൻ സ്ഥാപിക്കണമെന്നയാവശ്യം

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം, കൊടുങ്ങല്ലൂർ താലൂക്കുകളും നാട്ടിക ഫർക്കയും ഉൾപ്പെടുത്തി മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനമായ ഇരിങ്ങാലക്കുടയിൽ പുതിയ ഒരു റവന്യൂ ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തൃശ്ശൂർ ജില്ലയുടെ സമീപമുള്ള പാലക്കാട്, എറണാകുളം, കോട്ടയം തുടങ്ങിയ പകുതിയോളം ജില്ലകളിലും രണ്ട് ആർ. ഡി. ഓഫീസുകൾ ഉണ്ട്. വിസ്തൃതിയിലും ജനസംഖ്യയിലും മുന്നിട്ടുനിൽക്കുന്ന തൃശ്ശൂർ ജില്ലയുടെ ഭരണ സൗകര്യത്തിനും ജനങ്ങളുടെ സൗകര്യത്തിനുംവേണ്ടി പുതിയ ഒരു ഡിവിഷൻ കൂടി അടിയന്തിരമായി അനുവദിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, വളരെ ന്യായമായ ഒരു ആവശ്യമെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. പല ജില്ലകൾക്കും രണ്ടു സബ്ഡിവിഷനുകളുണ്ട്. തൃശ്ശൂരിൽ ഒരു സബ് ഡിവിഷനെയുള്ളൂ. അതുകൊണ്ട് ഒരു സബ്ഡിവിഷൻ കൂടി ഉണ്ടാക്കുന്ന കാര്യം ഗവൺമെന്റ് അടിയന്തിരമായി പരിഗണിക്കുന്നതാണ്.

(39) കോഴിക്കോട് പുതിയങ്ങാടിയിലെ കേരള പ്രിമോ പൈപ്പ് ഫാക്ടറിയുടെ യൂണിറ്റ് സഹകാര്യമേഖലയ്ക്ക് കൊടുക്കുന്നത് പിൻവലിക്കണമെന്ന ആവശ്യം

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കേരള പ്രിമോ പൈപ്പ് ഫാക്ടറിയുടെ ഒരു ആർ. സി. സി. യൂണിറ്റ് കോഴിക്കോട് പുതിയങ്ങാടിയിലുണ്ട്. അത് 1951-ൽ ആരംഭിച്ചതാണ്. ഡ്രെയിനേജിനും, ജലസേചന പദ്ധതികൾക്കുംവേണ്ടി ആർ. സി. സി. പൈപ്പ് ഉപയോഗിക്കാൻ വേണ്ടിയാണ് ഈ ഫാക്ടറി തുടങ്ങിയത്. എന്നാൽ കഴിഞ്ഞ കുറേ മാസങ്ങളായി അത് പ്രവർത്തിക്കുന്നില്ല. എന്റെ അറിവ് ശരിയാണെങ്കിൽ ഇത് ലേലം വിളിച്ച് സഹകാര്യമേഖലയ്ക്ക് കൊടുക്കുന്നതിനുള്ള ചില നടപടികളും നീങ്ങുന്നു. ഈ ഗവൺമെന്റ് വരുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

മുമ്പ് മൂന്നു ഫാക്ടറികളും എന്റെ നിയോജക മണ്ഡലത്തിൽ ഉണ്ടായിരുന്നു. ആ മൂന്നു ഫാക്ടറികളും കഴിഞ്ഞ ഒരു കൊല്ലമായി പൂട്ടിക്കിടക്കുകയാണ്. ഈ ഫാക്ടറി സഹകാര്യമേഖലയ്ക്ക് കൊടുക്കുവാനുള്ള നടപടി പിൻവലിക്കണം. ഇത് പൊതുമേഖലയിൽത്തന്നെ തുടരുകയും വേണം. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. ഏതായാലും മൂന്നുമാസംകൂടി ഭരിക്കാനേ ഇവർക്ക് അവകാശമുള്ളു. ആ മൂന്നു മാസത്തേക്ക് എങ്കിലും സഹകാര്യമേഖലയ്ക്ക് കൊടുക്കുവാനുള്ള നടപടി നിറുത്തിവയ്ക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നാം വലിയ സാമ്പത്തിക പ്രതിസന്ധിയെ നേരിടുകയാണ്. ഇത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന ഉൽക്കണ്ഠയിലാണ് ഗവൺമെന്റ്. കെ. എസ്. ഐ. ഡി. സി., കെ. എഫ്. സി., കെ. എസ്. ഐ. ഇ. മുതലായ പൊതുമേഖലാ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് അനന്തര നടപടികളും കൈക്കൊള്ളാൻ മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(40) കാസർകോട് നിയോജകമണ്ഡലത്തിലെ 110 കെ. വി. സബ്സ്റ്റേഷന്റെ പണി

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, കാസർകോട് നിയോജകമണ്ഡലത്തിലെ മുള്ളരിയ എന്ന സ്ഥലത്ത് പത്തുവർഷം മുമ്പ് നിർദ്ദേശിക്കപ്പെട്ട 110 കെ. വി. സ്റ്റേഷന്റെ പണി ഇന്നുവരെ ആരംഭിച്ചിട്ടില്ല. ആ മേഖല ഇരുട്ടിലാണ്. ആ സ്ഥലത്തിന്റെ ഏതെങ്കിലും ഭാഗത്തുകൂടി കമ്പി കടന്നുപോകുന്നു എന്നല്ലാതെ അവിടെ വൈദ്യുതി ഇല്ല. കർണ്ണാടക സംസ്ഥാനത്തിന്റെ തൊട്ടടുത്തു കിടക്കുന്ന പതിയടുക്ക, വെള്ളൂർ, കമ്പളാപ്പ, ഏലമ്പാടി, കാറടുക്ക മുതലായ 7 പഞ്ചായത്തുകളും വെളിച്ചമില്ലാതെ കഴിയുകയാണ്. വെളിച്ചമുള്ള സ്ഥലത്ത് വോൾട്ടേജ് ഇല്ല. വ്യാവസായിക ജില്ലയായി ആ ജില്ലയെ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇന്നുവരെ വ്യവസായം ആരംഭിക്കാനുള്ള വൈദ്യുതി കിട്ടിയിട്ടില്ല. അവിടെ ഇറിഗേഷൻ സൗകര്യം അത്യാവശ്യമാണ്. അടയ്ക്കാ കൃഷിക്കാർ വളരെയേറെ കഷ്ടത്തിലും നഷ്ടത്തിലുമാണ്. കാർഷിക മേഖലയാകെ തകർന്നിരിക്കുന്നു. ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ കൈകൊണ്ടുതന്നെ ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഈ പറഞ്ഞ സബ്സ്റ്റേഷന് ഒന്നരക്കോടി രൂപ ഇലക്ട്രിസിറ്റി ബോർഡ് അനുവദിച്ചിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിനെ സംബന്ധിച്ച് ചില കേസുകളും തർക്കങ്ങളും നിലവിലുണ്ടായിരുന്നു. പക്ഷേ അടുത്ത കാലത്ത് കാസർഗോഡ് ജില്ലാ കളക്ടർ ഇത് സംബന്ധിച്ച് തർക്ക കക്ഷികളുമായി ബന്ധപ്പെട്ട് ഒരു തീരുമാനം എടുക്കുകയും കേസ് പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. അതിനെ തുടർന്ന് സബ്സ്റ്റേഷന്റെ പണി വളരെവേഗം തുടങ്ങാനും അടുത്ത ഒന്നര കൊല്ലത്തിനുള്ളിൽ പൂർത്തിയാക്കാനുമാണ് ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ തടസ്സങ്ങളൊക്കെ നീങ്ങി;

LIBRARY ARCHIVES Kerala Legislative Assembly